## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1556 14.07.2016 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീ.എൽദോസ് കുന്നപ്പിള്ളി**
**ശ്രീ.കെ.മുരളീധരൻ**
**ശ്രീ.എ.പി.അനിൽ കുമാർ**
**ശ്രീ.വി.പി.സജീന്ദ്രൻ**

**ഉത്തരം:**
**ശ്രീ.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

**'ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം'**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | നടപ്പിലാക്കിയിട്ടുണ്ട്.<br>സ.ഉ(കൈ)നം.146/2014/ധന തീയതി 22.04.2014 പ്രകാരം മേയ് 1, 2014-ലോടുകൂടി ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്; | ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക അതു വഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചത്. |
| (സി) | ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കി.<br>2) മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാക്കി.<br>3) ഫയൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുവാൻ കഴിഞ്ഞു.<br>4) ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേൽ ഉദ്യോഗസ്ഥനു ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.<br>5) ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിച്ചു.<br>6) റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുവാൻ കഴിഞ്ഞു.<br>7) ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുവാൻ സാധിച്ചു.<br>8) ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**